(ബ) ൧൧൦൪ വൃശ്ചികം ൧൨-ാംനു- ൧൬൦ /൪ നു—൭-ാം നമ്പ്രായി പ്രസിഡെണ്ട ചീഫ് എഞ്ചിനീയൎക്കയച്ച എഴുത്ത്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—പിന്നീട് ഈ പാലത്തിന്റെ കാൎയ്യത്തെപ്പററി പറവൂർ മുനിസിപ്പാലററിയോട് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഇല്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഒന്നുകൂടി അന്വേഷിക്കാമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—അന്വേഷിക്കാം

Printing Judgments—Cranganur Munsiff's Court

321. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) കൊടുങ്ങല്ലൂർ മുൻസീഫ്കോട്ടിലെ ജഡ്ജിമെണ്ട് അച്ചടിപ്പാനുള്ള കരാർ കിട്ടണമെന്ന് സ്ഥലംപ്രസ്സ് ഉടമസ്ഥന്മാരിൽ ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ;

(b) ഉവ്വ് എങ്കിൽ അപേക്ഷ സ്വീകരിക്കയുണ്ടായൊ;

(c) ഇല്ലെങ്കിൽ കാരണമെന്ത്;

(d) ഇക്കാൎയ്യത്തിൽ മുൻസിഫിന്റെയുംവക്കീലന്മാരുടെയും അഭിപ്രായമെന്ത്?

രാമവൎമ്മതമ്പുരാൻ.—(a) ഉണ്ട്.

(b) ഇല്ല.

(c) ഇപ്പോഴത്തെ പ്രിന്ററുമായിട്ടുള്ള കരാർ റദ്ദാക്കീട്ടില്ലാത്തതുകൊണ്ട്.

(d) സ്ഥലത്തുള്ള പ്രസ്സുടമസ്ഥന്മാൎക്ക് ആൎക്കെങ്കിലും കൊടുക്കണമെന്ന്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഇപ്പോഴത്തെ പ്രിന്ററുമായുള്ള കരാർ റദ്ദ് ചെയ്യുന്ന കാൎയ്യം ആലോചിക്കുന്നുണ്ടോ?

രാമവൎമ്മതമ്പുരാൻ.—ആലോചിച്ചിട്ടില്ല. ആലോചിക്കാം.

Kottappuram—Krishnankotta Road.

322. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) മേത്തല ഗ്രൂപ്പ് പഞ്ചായത്തിന്റെ കീഴിൽ ചെയ്യുവാൻ ൧൧൦൬-ലെ ബഡ്ജററിൽ അലാട്ട് ചെയ്തിട്ടുള്ള കോട്ടപ്പുറം—കൃഷ്ണൻകോട്ട റോഡിന്റെ പണി നിൎത്തിവെക്കണമെന്നും അതിനുപകരം വേറെ ചില പണികൾ നടത്തണമെന്നും പ്രസ്തുത പഞ്ചായത്ത് ഒരു പ്രമേയം പാസ്സാക്കി ഗവൎമ്മെണ്ടിന്നയച്ചിട്ടുണ്ടോ;

(b) ൧൧൦൬-ലെ ബഡ്ജററു തയ്യാറാകുന്നതിനു മുമ്പെ പ്രസ്തുത പണിനടത്തുവാൻ ടി പഞ്ചായത്ത് ശുപാൎശി ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(c) ഉണ്ട് എങ്കിൽ ഈ അഭിപ്രായമാററത്തിനുള്ള കാരണങ്ങൾ എന്താണെന്ന് പഞ്ചായത്തിനോടു റിമാർക്ക് ചോദിച്ചിട്ടുണ്ടോ;

(d) പണിയുടെ വകമാററം അനുവദിക്കുന്നതിനു മുമ്പായി നാട്ടുകാരുടെ യഥാർത്ഥ അഭിപ്രായം അന്വേഷിച്ചറിയുന്നതിന് വിരോധമുണ്ടോ?

മിസ്റ്റർ ഐ. രാമൻമേനോൻ—(a) ഉണ്ട്. അങ്ങിനെ ഒരു പ്രമേയം കൃഷിപഞ്ചായത്തുസൂപ്രണ്ടാഫീസിൽ കിട്ടുകയുണ്ടായി.

(b) ഇല്ല.

(c) (b) ക്കുള്ള മറുപടി അനുസരിച്ച് മറുപടി ആവശ്യമില്ല.

(d) വകമാററത്തിന്റെ കാര്യം ഇപ്പോൾ ആലോചിച്ചിട്ടില്ലാത്തതിനാൽ ഈ ചോദ്യത്തിന് പ്രത്യേകം മറുപടി ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Schools not open to all classes.

323. Mr. K. Ayyappan.—Will the Government be pleased to give the names of all Sirkar and aided educational institutions in the State, wherein admission is not open to all classes of the subjects of His Highness the Maharaja?

Mr. I. N. Menon.—1. T. D. High School, Cochin.

2. T. D. Girls' School, Cochin.
3. Pushpagiri Vedic School, Trichur.
4. Sanskrit College, Trippunittura.
5. Malayalam Girls' School, Thiruvilluamala.
6. Veda Sastra Patasala, Chittur.
7. Namburi Vaidyalayam, Trichur.
8. Malayalam Girls' School, Chowwara.
9. Palace Girls' High School, Trippunittura.
10. Paliam Girls' School.

Nowrikkulam.

324. Mr. V. Achyuta Menon.—Will the Government be pleased to state—

(a) whether land required for the extension of Nowrikkulam at Irinjalakkuda has been acquired and handed over to the Panchayat Department;

(b) whether the work of extension has been taken up;

(c) whether it will be finished before the setting in of the south-west monsoon this year;

(d) how many bathing ghats are proposed to be provided;

(e) what the estimate of the total cost is?

Mr. I. Raman Menon.—(a) No.

(b) No.

(c) Not likely.

LIBRARY ARCHIVES Kerala Legislative Assembly